**"ഭരണഭാഷ- മാതൃഭാഷ"**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടി തീർപ്പ്
(നിലവിൽ : സുഭാഷ് ടി വി ഐ.എ.എസ്)

നടപടിതീർപ്പ്നമ്പർ.സി1/179/2023/ഐ&പി.ആർ തിരുവനന്തപുരം, തീയതി, (12-10-2023)

വിഷയം:- ഭാരത അന്താരാഷ്ട്ര വ്യാപാരമേള - 2023 (IITF-2023) ൽ — സംസ്ഥാനം പങ്കെടുക്കുന്നത് - ബ്രോഷർ പ്രിന്റ് ചെയ്യുന്നതിനും നവംബർ / ഡിസംബർ ലക്കം കേരള കോളിംഗിൽ മേളയിലെ സംസ്ഥാനത്തിന്റെ പങ്കാളിത്തം കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനും പബ്ലിക്കേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും വകുപ്പിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ മേളയിലെ സംസ്ഥാനത്തിന്റെ പങ്കാളിത്തം സംബന്ധിച്ചും ഉചിതമായി വിവരങ്ങൾ / അപ്ഡേറ്റുകൾ നല്കുന്നതിനായി വെബ് & ന്യൂ മീഡിയാ വിഭാഗം ഇൻഫർമേഷൻ ഓഫീസറെയും ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു .

സൂചന: - 04.07.2023 തിയതിയിലെ സ.ഉ (കൈ) നം. 07/2023/ഐ&പി ആർ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

2023 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതിമൈതാനിയിൽ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഭാരത അന്താരാഷ്ട്ര വ്യാപാരമേള- 2023 (IITF-2023) ൽ സംസ്ഥാനം പങ്കെടുക്കുന്നതിന് സൂചന ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേളയോടനുബന്ധിച്ച് സംസ്ഥാനവപലിയനിൽ വിതരണം ചെയ്യുന്നതിനുള്ള ബ്രോഷർ 1000 കോപ്പികൾ (ഇംഗ്ലീഷ്) പ്രിന്റ് ചെയ്ത് ന്യൂഡൽഹിയിൽ നവംബർ 13 നകം എത്തിക്കുന്നതിനും നവംബർ / ഡിസംബർ ലക്കം കേരള കോളിംഗിൽ IITF- 2023 ൽ സംസ്ഥാനത്തിന്റെ പങ്കാളിത്തത്തെ സംബന്ധിച്ചുള്ള വിവരം കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനും പബ്ലിക്കേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പബ്ലിക്കേഷൻസ് വിഭാഗം ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ് . ബ്രോഷറിൽ ഉൾപ്പെടുത്തേണ്ട മാറ്ററുകളും ഫോട്ടോകളും ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഇൻഫർമേഷൻ ഓഫീസർ കൈമാറേണ്ടതാണ്. ബ്രോഷറുകൾ പ്രിന്റ് ചെയ്ത് ന്യൂഡൽഹിയിൽ എത്തിക്കുന്നതിനുള്ള ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തെ (2023-24) 2220-60-106-98 പ്രദർശനങ്ങൾ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. ഇതോടൊപ്പം വകുപ്പിന്റെ ഫേസ് ബുക്ക്, യൂട്യൂബ്, വെബ് സൈറ്റ് തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ മേളയിലെ സംസ്ഥാനത്തിന്റെ പങ്കാളിത്തത്തെ സംബന്ധിച്ചും ഉചിതമായി വിവരങ്ങൾ / അപ്ഡേറ്റുകൾ നല്കുന്നതിനായി വെബ് & ന്യൂ മീഡിയാ വിഭാഗം ഇൻഫർമേഷൻ ഓഫീസറെയും ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം,
Signed by
Sonia James
Date: 25-10-2023 14:21:06

ഡെപ്യൂട്ടി ഡയറക്ടർ, (പബ്ലിക്കേഷൻസ് വിഭാഗം)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ)
ഡെപ്യൂട്ടി ഡയറക്ടർ / ഇൻഫർമേഷൻ ഓഫീസർ, (ഫീൽഡ് പബ്ലിസിറ്റി)

ഡെപ്യൂട്ടി ഡയറക്ടർ / ഇൻഫർമേഷൻ ഓഫീസർ, ന്യൂഡൽഹി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി 3) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) ,തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.